തൊണ്ടുതല്ലു മെഷീനുകൾ

*207 [222] ശ്രീ. കല്ലട നാരായണൻ:
,, ത്യാഗരാജൻ:
,, ആർ. എസ്. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിയമവിധേയമായി എത്തെല്ലാം ജില്ലകളിൽ തൊണ്ടുതല്ലു മെഷീനുകൾ പ്രവർത്തിക്കുന്നുണ്ടെന്നു ദയവായി വ്യക്തമാക്കുമോ;

(ബി) തൊണ്ടുതല്ലു മെഷീൻ സ്ഥാപിക്കുന്നതിന് എന്തെങ്കിലും വ്യവസ്ഥകളോ നിയന്ത്രണങ്ങളോ ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അവ എന്താണെന്നു വ്യക്തമാക്കുമോ?

വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ. പി.എസ്. ശ്രീനിവാസൻ):

(എ) എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ തൊണ്ടുതല്ലു മെഷീനുകൾ നിയമവിധേയമായി പ്രവർത്തിക്കുന്നുണ്ട്.

(ബി) ഏർപ്പെടുത്തിയിരുന്നു.

(സി) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിൽ തൊണ്ടുതല്ലു മെഷീനുകൾ പാടേ നിരോധിച്ചിട്ടുണ്ടായിരുന്നു. നിയമവിധേയമായി തൊണ്ടുതല്ലു മെഷീനുകൾ പ്രവർത്തിക്കുന്ന ജില്ലകളിലും കൂടുതൽ മെഷീനുകൾ സ്ഥാപിക്കുന്നത് 1974 ജൂൺമാസം മുതൽ നിരോധിച്ചിട്ടുണ്ടായിരുന്നു. എന്നാൽ കയർ വ്യവസായത്തിൽ ഏർപ്പെട്ടിട്ടുള്ള വർക്കേഴ്സ് കോ-ഓപ്പറേറീവ് സൊസൈറ്റികൾക്കും ഗവൺമെൻറ് അധീനത്തിലുള്ള യൂണിറ്റുകൾക്കും തൊണ്ടുതല്ലു മെഷീനുകൾ സ്ഥാപിക്കാൻ അനുമതി നൽകിയിട്ടുണ്ട്. കയറുമതി ആവശ്യങ്ങൾക്കായി ഉണക്കത്തൊണ്ടിൽനിന്നുമാത്രം ചകിരിയെടുക്കുന്നതിനു മെഷീനുകൾ സ്ഥാപിക്കുവാൻ പല വ്യക്തികൾക്കും അനുമതി നൽകിയിട്ടുണ്ട്. ഈ നിയന്ത്രണ ഉത്തരവുകൾ എല്ലാം ഡി. ഐ. ആർ. അനുസരിച്ചുള്ള നോട്ടിഫിക്കേഷൻ പ്രകാരമാണ് നൽകിയിരുന്നത്. എന്നാൽ 1977 സെപ്റ്റംബറിനുശേഷം ഡി. ഐ. ആർ. പ്രാബല്യത്തിൽ ഇല്ലാത്തതുകൊണ്ട് ഈ നോട്ടിഫിക്കേഷൻ അസാധുവായിത്തീർന്നതിനാൽ തൊണ്ടുതല്ലു മെഷീനുകൾ സ്ഥാപിക്കാൻ ആർക്കും ഗവൺമെൻറ് അനുമതി നൽകുന്നില്ല.

അപ്പോളോ ടയേഴ്സിൻെറ പ്രവർത്തനത്തെപ്പറ്റിയുള്ള അന്വേഷണക്കമ്മീഷൻെറ റിപ്പോർട്ട്

*208 [223] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപ്പോളോ ടയേഴ്സിൻെറ പ്രവർത്തനത്തെപ്പറ്റി അന്വേഷിക്കാൻ കേന്ദ്രത്തിൽനിന്നു കമ്മിറ്റിയെ നിയോഗിച്ചിരുന്നുവോ;

(ബി) ഈ കമ്മിറ്റി റിപ്പോർട്ട് കേന്ദ്രത്തിൽ സമർപ്പിച്ച വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly